

# ജനഹിതം

## വാർത്താപത്രിക

### സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കേരളം

2025 ഏപ്രിൽ ലക്കം 4





## സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർമാരുടെ 31 –ാമത് ദേശീയ സമ്മേളനം

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർമാരുടെ 31-ാമത് ദേശീയ സമ്മേളനം മദ്ധ്യപ്രദേശിലെ സിയോണി ജില്ലയിലുള്ള പെഞ്ച് ദേശീയോദ്യാനത്തിൽ മാർച്ച് ഒന്ന് മുതൽ നാല് വരെ നടന്നു.

ആന്ധ്രാപ്രദേശ്, ജമ്മുകാശ്മീർ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ നീലം സാഹ്നിയും, ബി ആർ ശർമ്മയും ചേർന്ന് സമ്മേളനം ഉദ്ഘാടനം ചെയ്തു. മധ്യപ്രദേശ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ മനോജ് കുമാർ ശ്രീവാസ്തവ സ്വാഗതം ആശംസിച്ചു.

സമ്മേളനത്തോടനുബന്ധിച്ച് നടന്ന സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ കേരളത്തിൽ ഇപ്പോൾ നടക്കുന്ന തദ്ദേശ വാർഡ് വിഭജനവും, ഡീലിമിറ്റേഷൻ കമ്മീഷന്റെ പ്രവർത്തനങ്ങളും, ക്യൂഫീൽഡ് ആപ്പ് മുഖേന നടത്തുന്ന വാർഡ് മാപ്പിംഗും സംബന്ധിച്ച് വിശദീകരിച്ചു.

പേപ്പർരഹിത പോളിംഗ് ബൂത്തിലൂടെ തദ്ദേശ തിരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച് മധ്യപ്രദേശ് കമ്മീഷൻ സെക്രട്ടറി അഭിഷേക് സിംഗ് അവതരണം നടത്തി.

തിരഞ്ഞെടുപ്പ് പ്രക്രിയയിലെ സുതാര്യത, ജനാധിപത്യത്തിന്റെ ശാക്തീകരണം, വിദൂരസ്ഥലങ്ങളിലെ വോട്ടർ രജിസ്ട്രേഷൻ, ഓൺലൈൻ വോട്ടിംഗ് സംവിധാനം നടപ്പാക്കൽ തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ദ്ധർ സംസാരിച്ചു.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ നീലം സാഹ്നി (ആന്ധ്രാപ്രദേശ്), ഡോ.വിജയ്ദേവ് (ഡൽഹി-ചാണ്ഡിഗഢ്), ദൗലത് ഹവാൽദാർ (ഗോവ), ഡോ. ഡി കെ തിവാരി (ഝാർഖണ്ഡ്), ജി എസ് സംഗ്രേഷി (കർണാടക), മധുകർ ഗുപ്ത(രാജസ്ഥാൻ), മധുസൂദൻ പാഥി (ഒഡീഷ), ഐ റാണി കുമുദിനി (തെലുങ്കാന), അനിൽകുമാർ ഖാചി (ഹിമാചൽ പ്രദേശ്), അലോക് കുമാർ (ആസാം), ബി ജ്യോതി നിർമലസ്വാമി (തമിഴ്നാട്), ദിനേശ് റ്റി വാഗ്മാറെ (മഹാരാഷ്ട്ര), കെ സി ലെപ്ച (സിക്കിം), ബി ആർ ശർമ്മ (ജമ്മുകാശ്മീർ), സുധാൻഷു പാൻഡേ(ദാദ്ര നാഗർഹവേലി, ദാമൻദിയു), ശാരദേന്ദു ചൗധരി (ത്രിപുര), ഡോ.എസ് മുരളീകൃഷ്ണ (ഗുജറാത്ത്), രാജ് പ്രതാപ് സിംഗ്(ഉത്തർപ്രദേശ്), സുശീൽകുമാർ (ഉത്തരാഖണ്ഡ്), ഡോ.ദീപക് പ്രസാദ് (ബീഹാർ), എ ഷാജഹാൻ (കേരള), മനോജ് കുമാർ ശ്രീവാസ്തവ(മധ്യപ്രദേശ്) തുടങ്ങിയവർ പങ്കെടുത്തു.

വിവിധ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടിമാർ, കമ്മീഷനിലെ ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവരും സമ്മേളനത്തിൽ സന്നിഹിതരായിരുന്നു. കേരളത്തിൽ നിന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ബി എസ് പ്രകാശും പങ്കെടുത്തു.

# ഐ.ടി. @ തദ്ദേശ തിരഞ്ഞെടുപ്പ്

## WEB PORTAL

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഔദ്യോഗിക വെബ് പോർട്ടലായ www.sec.kerala.gov.in, വികസിപ്പിച്ചിരിക്കുന്നത് NIC ആണ്. ഈ വെബ് പോർട്ടലിലൂടെ കമ്മീഷൻ ലഭ്യമാക്കുന്ന വിവിധ സേവനങ്ങൾ പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും എളുപ്പത്തിൽ ലഭ്യമാകുന്നു. ഒരു ഏകജാലക സംവിധാനത്തിലൂടെ പ്രയോജനപ്രദമായി തിരഞ്ഞെടുപ്പും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും നടത്തുന്നതിന് ഈ സംവിധാനം സഹായിക്കുന്നു.

## ELECTORAL ROLL MANAGEMENT SYSTEM (ERMS)

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടർപട്ടിക പുതുക്കുന്നതിന്റെ ഭാഗമായി പുതുതായി പേരുകൾ ഉൾപ്പെടുത്തുന്നതിനും, നിലവിലെ ഉൾക്കുറിപ്പുകളിൽ എന്തെങ്കിലും തിരുത്തലുകൾ ഉണ്ടെങ്കിൽ ആയത് വരുത്തുന്നതിനും ഒരു തദ്ദേശ സ്ഥാപനത്തിനുള്ളിലെ ഒരു നിയോജക മണ്ഡലത്തിലെ പട്ടികയിൽ നിന്ന് മറ്റൊരു നിയോജക മണ്ഡലത്തിലെ പട്ടികയിലേയ്ക്ക് അല്ലെങ്കിൽ ഒരു പോളിംഗ് സ്റ്റേഷനിൽ നിന്ന് മറ്റൊരു പോളിംഗ് സ്റ്റേഷനിലേക്ക് വോട്ടറുടെ പേര് സ്ഥാനമാറ്റം നടത്തുന്നതിനുമുള്ള ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനും അതിൻമേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനും ഒരുക്കിയിട്ടുള്ള സംവിധാനമാണിത്.

## E-DROP

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോളിംഗ് ഡ്യൂട്ടിക്ക് ജീവനക്കാരെ വിന്യസിക്കുന്നതിന് ആവിഷ്കരിച്ച സോഫ്റ്റ്-വെയർ ആണിത്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിൽ വരുന്ന സർക്കാർ, അർദ്ധ സർക്കാർ ജീവനക്കാരുടെ വിവരങ്ങൾ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ ഓൺലൈനായി ശേഖരിക്കുകയും അവരെ വിവിധ പോളിംഗ് സ്റ്റേഷനുകളിലേയ്ക്ക് ഡ്യൂട്ടിക്ക് നിയോഗിക്കുകയും ചെയ്യുന്നു. പോളിംഗ് ഡ്യൂട്ടിക്ക് ജീവനക്കാരെ വിന്യസിക്കുന്ന നടപടി ക്രമങ്ങൾ സുതാര്യമായും നിഷ്പക്ഷമായും നടപ്പിലാക്കാം എന്നതാണ് ഈ സംവിധാനത്തിന്റെ പ്രത്യേകത. 2025 ലെ പൊതു തിരഞ്ഞെടുപ്പിനുവേണ്ടി ഇ ഡ്രോപ്പ് സോഫ്റ്റ്വെയർ പരിഷകരിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സ്വീകരിച്ചു വരികയാണ്.

## TREND

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പ് ഫലപ്രഖ്യാപനങ്ങൾ തത്സമയം ഓൺലൈനായി കമ്മീഷനും പൊതുജനങ്ങൾക്കും മാധ്യമങ്ങൾക്കും മറ്റും ലഭ്യമാക്കുന്നതിനാണ് ഈ സോഫ്റ്റ്വെയർ ഉപയോഗിച്ചു വരുന്നത്. മുൻപ് പൊതു തിരഞ്ഞെടുപ്പിനു മാത്രമായി ഉപയോഗിച്ചിരുന്ന ഈ സംവിധാനം ഇപ്പോൾ ഉപതിരഞ്ഞെടുപ്പുകൾക്കും ഉപയോഗിക്കുന്നുണ്ട്.

## POLL MANAGER

പോളിംഗ് ടീമിന്റെ തൽസ്ഥിതി, പോളിംഗ് സ്റ്റേഷനിലെ വിവിധ പ്രവർത്തനങ്ങളുടെ സ്റ്റാറ്റസ്, പോളിംഗ് ശതമാനം എന്നിവ ഓൺലൈൻ ആയി കമ്മീഷനിൽ നിന്നും ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും മോണിറ്റർ ചെയ്യുന്നതിനുള്ള വെബ്/മൊബൈൽ ആപ്പ് സംവിധാനമാണ് Poll Manager. NIC തയ്യാറാക്കിയ ഈ വെബ്/മൊബൈൽ ആപ്പ് 2020-ൽ സംസ്ഥാനത്ത് നടന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പിലും, 2022-ൽ നടന്ന മട്ടന്നൂർ നഗരസഭയിലേക്കുള്ള പൊതു തിരഞ്ഞെടുപ്പിലും വിജയകരമായി ഉപയോഗിക്കുവാൻ സാധിച്ചു. പ്രസ്തുത സോഫ്റ്റ്വെയർ പരിഷ്കരിക്കുന്നതിനുള്ള നടപടി കമ്മീഷൻ സ്വീകരിച്ചു വരികയാണ്.

## NOMINATION MANAGEMENT SYSTEM

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികൾ സമർപ്പിക്കുന്ന നാമനിർദ്ദേശ പത്രികകളും അനുബന്ധ വിവരങ്ങളും ഓൺലൈനായി ലഭ്യമാക്കുന്ന ഒരു സംയോജിത സംവിധാനമാണ് നോമിനേഷൻ മാനേജ്മെന്റ് സിസ്റ്റം. ഇലക്ടറൽ റോൾ മാനേജ്മെന്റ് സിസ്റ്റത്തിൽ (ERMS) നിന്ന് സ്ഥാനാർത്ഥികളുടെ അടിസ്ഥാന വിശദാംശങ്ങൾ സ്വീകരിച്ച് തിരഞ്ഞെടുപ്പിനു ആവശ്യമായ Statutory Forms ഈ മൊഡ്യൂളിലൂടെ ജനറേറ്റ് ചെയ്യാൻ സാധിക്കുന്നു. ഇതിലൂടെ തെറ്റുകളുടെ സാധ്യത കുറയ്ക്കുവാനും സുഗമമായ തിരഞ്ഞെടുപ്പ് നാമനിർദ്ദേശ പ്രക്രിയ ഉറപ്പാക്കുവാനും സാധിക്കുന്നു.

## EXPENDITURE MANAGEMENT MODULE

സ്ഥാനാർത്ഥികളുടെ ചെലവ് കണക്ക് സമർപ്പിക്കുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനുമായി വികസിപ്പിച്ചെടുത്ത Expenditure Management Module ഉപതിരഞ്ഞെടുപ്പുകളിൽ ഫലപ്രദമായി ഉപയോഗിച്ച് വരുന്നു. ഇതിലൂടെ, നിശ്ചയിച്ച സമയപരിധിക്കുള്ളിൽ ചെലവ് കണക്ക് സമർപ്പിക്കാത്ത അല്ലെങ്കിൽ പരിധി യിലധികം തുക ചെലവഴിച്ച സ്ഥാനാർത്ഥികളെ അയോഗ്യരാക്കുന്ന നടപടിയിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുവാൻ സാധിച്ചു.

## VACANCY MANAGEMENT MODULE

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട അംഗം, അധ്യക്ഷ, ഉപാധ്യക്ഷ, സ്റ്റാൻിംഗ് കമ്മിറ്റി അംഗം/അധ്യക്ഷ സ്ഥാനങ്ങളിലുണ്ടാകുന്ന ഒഴിവുകൾ ഓൺലൈനായി റിപ്പോർട്ട് ചെയ്യുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനും വികസിപ്പിച്ചെടുത്തതാണ് 'Vacancy Management Module'. ഇതിന്റെ പരിഷ്കരിച്ച പതിപ്പ് വികസിപ്പിച്ചു വരികയാണ്.

**(തയ്യാറാക്കിയത്: സുരേഷ് കുമാർ എ.,**
**ജോയിന്റ് സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ)**

# പത്രവാർത്തകളിലൂടെ

## ആധാർ വിവരസ്ഥിരീകരണം ഇനി സ്വകാര്യ സ്ഥാപനങ്ങൾ വഴിയും

ആധാർ വിവരങ്ങൾ തേടുന്നതിനും അവ പരിശോധിച്ച് ശരിയെന്നുറപ്പാക്കുന്നതിനും (ഓതന്റിക്കേഷൻ) സ്വകാര്യസ്ഥാപനങ്ങൾക്കു കൂടി അനുമതി നൽകി കേന്ദ്രസർക്കാർ വിജ്ഞാപനമിറക്കി.

പൊതുജനങ്ങൾക്ക് ആധാർ സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കാൻ ലക്ഷ്യമിട്ടാണ് തീരുമാനമെന്ന് ഇലക്ട്രോണിക്സ് -ഐടി മന്ത്രാലയം അറിയിച്ചു.

*(മാതൃഭൂമി, മാർച്ച് 1)*

## തദ്ദേശസ്ഥാപനങ്ങളിൽ ഭിന്നശേഷി സംവരണവുമായി തമിഴ്നാട്

തമിഴ്നാട്ടിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ഭിന്നശേഷി സംവരണം വരുന്നു. മുഴുവൻ നഗര,ഗ്രാമ തദ്ദേശ സ്ഥാപനങ്ങളിലും ഒരു സീറ്റ് ഭിന്നശേഷിക്കാർക്കു വേണ്ടി മാറ്റിവെയ്ക്കാനും അതിൽ നാമനിർദ്ദേശത്തിലൂടെ നിയമനം നടത്താനുമാണ് ഉദ്ദേശിക്കുന്നതെന്ന് മുഖ്യമന്ത്രി എം കെ സ്റ്റാലിൻ അറിയിച്ചു. ജനാധിപത്യപ്രക്രിയയുടെ താഴേത്തട്ടു മുതൽ ഭിന്നശേഷിക്കാർക്ക് പ്രാതിനിധ്യം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനാണ് ഈ നടപടിയെന്ന് മുഖ്യമന്ത്രി പറഞ്ഞു.

*(മാതൃഭൂമി, മാർച്ച് 1)*

## തിരഞ്ഞെടുപ്പ് കമ്മീഷൻ ഇ–വഴിയേ

തിരഞ്ഞെടുപ്പ് പ്രക്രിയയുമായി ബന്ധപ്പെട്ട മുഴുവൻ ഘടകങ്ങളിലും ഡിജിറ്റൽ മാധ്യമങ്ങൾ ഉപയോഗിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചു.

വോട്ട് ചേർക്കുന്നത് മുതൽ വോട്ടെണ്ണുന്നത് വരെ, തിരഞ്ഞെടുപ്പുമായി ബന്ധപ്പെടുന്ന എല്ലാവർക്കും ഓഡിയോ ബുക്ക്, അനിമേറ്റഡ് വീഡിയോ, ഇ-ബുക്ക് തുടങ്ങിയവ വഴി ബോധവൽക്കരണം നടത്തും.

*(മനോരമ,മാർച്ച് 6)*

## ഓഫീസ് ഭരണത്തിന് നവമാധ്യമങ്ങൾ വേണ്ട

സർക്കാർ ഓഫീസുകളിലെ വാട്സാപ്പ് ഗ്രൂപ്പുകൾ ഔദ്യോഗിക സംവിധാനമല്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയെ അറിയിച്ചു. നവമാധ്യമങ്ങളിലൂടെ വകുപ്പുകളുടെ ദൈനംദിനകാര്യങ്ങൾ നിർവ്വഹിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും ഔദ്യോഗിക സംവിധാനങ്ങളിലൂടെ മാത്രമേ കൈമാറാവൂയെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും മിക്ക ഓഫീസുകളിലും ഇത് ലംഘിക്കപ്പെടുന്നുണ്ട്. ഓഫീസ് മേലധികാരികൾ തുടങ്ങുന്ന വാട്സാപ്പ് ഗ്രൂപ്പുകൾക്ക് ഔദ്യോഗിക പരിവേഷം ലഭിക്കാറുണ്ട്. ഇത് നിയമാനുസൃതമല്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു.

*(മാതൃഭൂമി, മാർച്ച് 4)*

## വോട്ടർപട്ടിക : തിരുത്താൻ നടപടി തുടങ്ങി

നിയമസഭാ തിരഞ്ഞെടുപ്പിനു മുൻപായി വോട്ടർപട്ടികയിൽ അപാകതയുണ്ടെങ്കിൽ തിരുത്താൻ സംസ്ഥാന മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ നടപടികൾ ആരംഭിച്ചു. ഇതിനായി നിയമസഭാ മണ്ഡല അടിസ്ഥാനത്തിൽ ബൂത്ത് ലെവൽ ഓഫീസർമാരും അംഗീകൃത രാഷ്ട്രീയപാർട്ടികൾ നിയോഗിക്കുന്ന ബൂത്ത് ലെവൽ ഏജന്റുമാരും അതത് പോളിംഗ് സ്റ്റേഷനുകളിൽ യോഗം ചേർന്ന് വോട്ടർപട്ടിക പരിശോധിച്ച് അപാകതകൾ പരിഹരിക്കും

*(മനോരമ, മാർച്ച് 2)*

## തിരഞ്ഞെടുപ്പിന് ബാലറ്റ് പേപ്പർ ഉപയോഗം: സംയുക്ത പാർലമെന്റ് സമിതിയുടെ പരിധിയിലില്ല

തിരഞ്ഞെടുപ്പിന് ബാലറ്റ് പേപ്പർ തിരിച്ചു കൊണ്ടു വരുന്ന കാര്യം ഒറ്റത്തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സംയുക്ത പാർലമെന്റ് സമിതിയുടെ അധികാരപരിധിയിൽ വരില്ലെന്ന് നിയമമന്ത്രാലയം വ്യക്തമാക്കി.

ഇലക്ട്രോണിക്സ് വോട്ടിംഗ് മെഷീൻ, ബാലറ്റ് പേപ്പർ എന്നിവയിൽ ഏതാണ് തിരഞ്ഞെടുപ്പിന് ഉപയോഗിക്കേണ്ടത് എന്ന വിഷയം സമിതി പരിശോധിക്കുന്നവയിൽപ്പെടില്ലെന്ന് നിയമമന്ത്രാലയ വക്താക്കൾ പറഞ്ഞു.

ഒറ്റത്തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട രണ്ട് ബില്ലുകളാണ് സമിതി പരിശോധിക്കുന്നത്, ഭരണഘടന 129-ാം ഭേദഗതി ബില്ലും, യൂണിയൻ ടെറിട്ടറീസ് നിയമ (ഭേദഗതി)ബില്ലും.

*(ദ ഹിന്ദു, മാർച്ച് 2)*

## ഒറ്റ വോട്ടർ തിരിച്ചറിയൽ നമ്പർ നടപ്പിലാക്കും

രാജ്യത്ത് ഒറ്റ വോട്ടർ തിരിച്ചറിയൽ നമ്പർ നടപ്പിലാക്കുമെന്ന് കേന്ദ്രതിരഞ്ഞെടുപ്പ് കമ്മീഷൻ. ഒരു സംസ്ഥാനത്തു വിതരണം ചെയ്ത നമ്പർ മറ്റു സംസ്ഥാനങ്ങളിൽ ആവർത്തിച്ചതിനെത്തുടർന്നാണ് നടപടി.

സംസ്ഥാനതലത്തിൽ തിരിച്ചറിയൽ കാർഡ് തയ്യാറാക്കിയപ്പോൾ സംഭവിച്ചതാണിത്. കേന്ദ്രീകൃത പോർട്ടലിലേക്ക് ഡാറ്റാബേസ് മാറ്റിയശേഷം നമ്പറിലെ ഇരട്ടിപ്പ് സംഭവിക്കുന്നില്ലെന്നും കമ്മീഷൻ വ്യക്തമാക്കി.

രണ്ടു സംസ്ഥാനങ്ങളിലെ വോട്ടർമാർക്ക് ഒരേ നമ്പരിലുള്ള വോട്ടർകാർഡ് നൽകിയെന്നതിനാൽ വ്യാജ വോട്ടർമാരുണ്ടെന്ന് അർത്ഥമാക്കേണ്ടതില്ലെന്നും തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി. നമ്പരുകൾ ഒരുപോലെ ആയിരുന്നാലും പേര് ഉൾപ്പെടെയുള്ള വിവരങ്ങൾ, നിയോജകമണ്ഡലം, പോളിംഗ് ബൂത്ത് തുടങ്ങിയ വിശദാംശങ്ങൾ വ്യത്യസ്തമായരിക്കുമെന്ന് കമ്മീഷൻ വിശദീകരിച്ചു.

*(മനോരമ, മാർച്ച് 3)*

## ഡീലിമിറ്റേഷൻ: സുപ്രീംകോടതിയിൽ ഹർജികൾ

സംസ്ഥാനത്തെ വാർഡ് പുനർവിഭജന നടപടികൾ ശരിവച്ച ഹൈക്കോടതി ഉത്തരവിനെതിരെ സുപ്രീംകോടതിയിൽ ഹർജികൾ. വാർഡ് പുനർവിഭജനം ശരിവച്ച ഹൈക്കോടതി നടപടി റദ്ദാക്കണമെന്ന് ഹർജികളിൽ ആവശ്യപ്പെട്ടു.

തങ്ങളുടെ ഭാഗം കേൾക്കാതെ ഹർജികളിൽ തീരുമാനമെടുക്കരുതെന്ന് ആവശ്യപ്പെട്ട് സംസ്ഥാനസർക്കാർ സുപ്രീംകോടതിയിൽ തടസ്സഹർജി നൽകി.

*(കേരളകൗമുദി,മാർച്ച് 4)*

**EDITORIAL TEAM**
Sureshkumar A., James P J
**PHOTOGRAPHY**
I & PRD, Aravind M.A.
**DESIGN & LAYOUT**
Nimisha N K

(ലേഖനങ്ങളിലുള്ള അഭിപ്രായം ലേഖകരുടേത് മാത്രമാണ്)

# ഡീലിമിറ്റേഷനും ഭരണഘടനാ തത്വങ്ങളും

സ്വാതന്ത്ര്യലബ്ദിക്കു ശേഷം അനേകം നാട്ടുരാജ്യങ്ങളും ബ്രിട്ടീഷ് പ്രവിശ്യകളുമായി ചിതറിക്കിടന്ന ഇന്ത്യയെന്ന മഹത്തായ ആശയത്തെ, അതിനു വേണ്ടി നിർമ്മിക്കപ്പെടുന്ന ഭരണഘടനയ്ക്കു കീഴിൽ കൂട്ടിയിണക്കി അണിനിരത്തുന്നതിൽ അതിന്റെ മുന്നിലും പിന്നിലും നിന്നു അക്ഷീണം പ്രവർത്തിച്ച രാഷ്ട്രനേതാക്കൾക്കും ഉദ്യോഗസ്ഥർക്കും അതൊരു ഭഗീരഥപ്രയത്നം തന്നെയായിരുന്നു. അധികാരപങ്കാളിത്തം എന്ന വ്യവസ്ഥയിലൂന്നിയ ഫെഡറൽ കോൺട്രാക്ട് വഴി അവരെ അണിചേർക്കാൻ കഴിഞ്ഞതിലൂടെ ആദ്യ കടമ്പ ഇന്ത്യൻ യൂണിയന് മറികടക്കാനായി.

1950 ജനുവരി 26 ന് ഭരണഘടന നിലവിൽ വന്നതിനുശേഷം 1951ൽ പൊതുതിരഞ്ഞെടുപ്പ് നടത്തുകയും തുടർന്നു സംസ്ഥാനാടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടത്തുന്നതിന് വേണ്ടിയുള്ള നിയോജകമണ്ഡലങ്ങളെ നിർണയിക്കുകയും ചെയ്യുക എന്നതായിരുന്നു രാജ്യത്തിന്റെ അടുത്ത കടമ്പ. 2026നു ശേഷം നിയോജകമണ്ഡലങ്ങളുടെ പുനർനിർണയം നടക്കുമെന്നതിനാലും ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് എന്ന ആശയത്തിന്റെ സാഹചര്യത്തിലും നിയോജകമണ്ഡലങ്ങളുടെ ഡീലിമിറ്റേഷനുമായി ബന്ധപ്പെട്ട ഭരണഘടനാതത്വങ്ങൾ പരിശോധിക്കുകയാണിവിടെ.

1951 ഒക്ടോബർ 25 ന് ആരംഭിച്ചു 1952 ഫെബ്രുവരിയിലവസാനിച്ച 123 ദിവസങ്ങളും 68 ഘട്ടങ്ങളും നീണ്ടുനിന്ന 1951 ലെ ആദ്യ പൊതുതിരഞ്ഞെടുപ്പ് സമാനതകളില്ലാത്തതും ലോകം കണ്ടതിലേറ്റവും വലിയ ജനാധിപത്യപരീക്ഷണങ്ങളിലൊന്നുമായിരുന്നു. ലോക്സഭയിലേയ്ക്കും സംസ്ഥാന നിയമസഭകളിലേയ്ക്കും ഒന്നിച്ചായിരുന്നു തിരഞ്ഞെടുപ്പ് നടന്നത്.

1951ലെ സെൻസസ് പ്രകാരം 36,10,88090 ഇന്ത്യൻ പൗരൻമാരെ പ്രതിനിധീകരിക്കാൻ 4500 സ്ഥാനങ്ങളിലേയ്ക്ക് നടന്ന തിരഞ്ഞെടുപ്പിൽ 17 കോടി 60 ലക്ഷം വോട്ടർമാർക്കു വേണ്ടി ആയിരം വോട്ടർമാർക്ക് ഒരു പോളിംഗ് ബൂത്ത് എന്ന നിലയിൽ 224000 ബൂത്തുകൾ സജ്ജമാക്കിയിരുന്നു. അതിൽതന്നെ പതിനെട്ടായിരം പേർ മത്സരിച്ച 489 ലോക്സഭാ മണ്ഡലങ്ങളും ഉൾപ്പെടുന്നു. ഏകദേശം 10 ലക്ഷം ഉദ്യോഗസ്ഥരെ വിന്യസിച്ചും 20 ലക്ഷം ബാലറ്റ് പെട്ടികൾ ഉപയോഗിച്ചുമായിരുന്നു തിരഞ്ഞെടുപ്പ് നടപടികൾ അന്ന് പൂർത്തീകരിച്ചത്. അന്നത്തെ വോട്ടിംഗ് പ്രായം 21 വയസ്സായിരുന്നു. ഇവിടെ ശ്രദ്ധിക്കേണ്ട ഒരു കാര്യം എന്താണെന്ന് വച്ചാൽ 1951 ൽ ഇന്ത്യയിൽ സെൻസസ് പൂർത്തിയായതിനുശേഷമാണ് തിരഞ്ഞെടുപ്പ് നടന്നതെങ്കിലും നിയോജകമണ്ഡലങ്ങളുടെ അതിർത്തി നിർണയം (ഡീലിമിറ്റേഷൻ) അപ്പോൾ നടത്തിയിരുന്നില്ല. 1951ലെ സെൻസസ് അടിസ്ഥാനമാക്കി 1952ൽ മാത്രമാണ് സ്വതന്ത്ര ഇന്ത്യയിൽ ആദ്യമായി ഡീലിമിറ്റേഷൻ നടന്നത്. അത് മാത്രമല്ല അന്നത്തെ ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് ഇന്നു കാണുന്ന അതിർത്തികളായിരുന്നില്ല ഉണ്ടായിരുന്നത്.


The Constitution of India

PREAMBLE

WE, THE PEOPLE OF INDIA,
having solemnly resolved to constitute India into a
SOVEREIGN SOCIALIST
SECULAR DEMOCRATIC REPUBLIC
and to secure to all its citizens:

JUSTICE, social, economic and political;
LIBERTY of thought,
expression, belief, faith and worship;

EQUALITY of status and of opportunity;
and to promote among them all
FRATERNITY assuring the dignity of the
individual and the unity and
integrity of the Nation;

IN OUR CONSTITUENT ASSEMBLY
this twenty-sixth day of November, 1949, do
HEREBY ADOPT, ENACT AND GIVE TO
OURSELVES THIS CONSTITUTION.

©peacockride

സ്വതന്ത്ര ഇന്ത്യയിൽ 1952, 1962, 1972, 2002 എന്നീ വർഷങ്ങളിൽ അതിനു തൊട്ടുമുമ്പത്തെ സെൻസസിനെ ആധാരമാക്കി ലോക്സഭാ, നിയമസഭാ നിയോജകമണ്ഡലങ്ങളുടെ ഡീലിമിറ്റേഷൻ നടത്തിയിട്ടുണ്ട്. ഭരണഘടനയുടെ ആർട്ടിക്കിൾ 82 അനുശാസിക്കുന്നതനുസരിച്ച് ഓരോ കാനേഷുമാരിക്കു ശേഷവും ലോക്സഭാ നിയമസഭാ നിയോജകമണ്ഡലങ്ങളുടെ അതിർത്തികൾ അതനുസരിച്ച് നിർണയിക്കേണ്ടതുണ്ട്. അത് മറികടക്കാൻ 2002ൽ ഡീലിമിറ്റേഷൻ നടത്തിയതിന് ശേഷം 2026 വരെ അപ്രകാരം നടത്തേണ്ടതില്ല എന്ന വ്യവസ്ഥ ഭരണഘടനയിൽ തന്നെ ഉൾക്കൊള്ളിക്കുകയും ചെയ്തതായി കാണാവുന്നതാണ്.



പി ജെ ജയിംസ്

ഈ ഘട്ടത്തിൽ നിയോജകമണ്ഡലങ്ങലുടെ അതിർത്തി നിർണയവും കാനേഷുമാരിയും തമ്മിൽ എന്തു ബന്ധം എന്നു നാം ചിന്തിക്കുന്നുണ്ടാവും. യഥാർത്ഥത്തിൽ അതിനുമാത്രമാണ് നേരിട്ട് ബന്ധമുള്ളത്. മറിച്ച് നാം ദർശിക്കുന്നതു പോലെ പ്രകൃത്യാലുള്ള അതിരുകൾ പോലുള്ള മറ്റുകാര്യങ്ങൾ അപ്രസക്തമോ അല്ലെങ്കിൽ രണ്ടാമതായോ പരിഗണിക്കപ്പെടേണ്ട സംഗതികൾ മാത്രമാകുന്നു. കാരണം ഇന്ത്യയിലെ ജനങ്ങൾ (the People of India ) അവർക്കുവേണ്ടി നിർമ്മിച്ചിട്ടുള്ളതാണ് ഭരണഘടനയിലെ വ്യവസ്ഥകളെല്ലാം തന്നെ.

ഇന്ത്യയുടെ ഭരണഘടനയിൽ അതിലെ പൗരൻമാർക്കെല്ലാം ഓരേ മൂല്യം അല്ലെങ്കിൽ തുല്യമൂല്യമാണ് കൽപ്പിച്ചിട്ടുള്ളത്. ആർക്കും മൂല്യത്തിൽ മറ്റൊരു പൗരനെക്കാൾ കൂടുതലോ കുറവോ എന്നൊന്നില്ല. അതിനെയാണ് നാം 'ഇക്വിറ്റി പ്രൻസിപ്പിൾ' എന്ന് ഓമനപ്പേരിട്ട് വിളിക്കുന്നത്. ജനങ്ങളുടെ അധികാരങ്ങളും അവകാശങ്ങളും പ്രാതിനിധ്യരൂ

പത്തിൽ കൈകാര്യം ചെയ്യുന്ന ഇന്ത്യയിൽ ഒരേ മൂല്യത്തിലുള്ള ജനപ്രതിനിധികൾ നിയമനിർമ്മാണസഭകളിലേയ്ക്കും മറ്റധികാരസ്ഥാനങ്ങളിലേയ്ക്കും എത്തിച്ചേരേണ്ടതിന്റെ ആവശ്യകത ഒരു ഭരണഘടനാ ബാധ്യതയാണ്. ജനപ്രതിനിധികൾ ജനങ്ങളുടെ ശബ്ദമാണ്. ഉദാഹരണത്തിന് ഒരേ തലത്തിലുള്ള ഭരണഘടനാസ്ഥാപനത്തിലേയ്ക്ക് ഇരുപതിനായിരം ജനസംഖ്യയുള്ള ഭൂപ്രദേശത്തു നിന്നു വരുന്ന ജനപ്രതിനിധിയും അൻപതിനായിരം ജനസംഖ്യുള്ള പ്രദേശത്തു നിന്നു വരുന്ന ജനപ്രതിനിധിയും തമ്മിൽ മൂല്യത്തിൽ വ്യത്യാസം ഉണ്ടെന്നത് ഇവിടെ വ്യക്തമാണല്ലോ. ആ വ്യത്യാസം ഒന്ന് എന്ന സംഖ്യയാണെങ്കിൽ പോലും അത് വളരെ വലുതാണ്. മൂല്യത്തിലെ ഈ വ്യത്യാസം സമീകരിക്കുന്നതിനു വേണ്ടിയാണ് ഓരോ കാനേഷുമാരിക്കും ശേഷം ആ ജനസംഖ്യപ്രകാരം നിയോജകമണ്ഡലങ്ങളുടെ പുനർനിർണയം നടത്തി അതിർത്തികൾ നിശ്ചയിക്കണമെന്ന് ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

ഇന്ത്യയുടെ ഭരണഘടന വ്യക്തികേന്ദ്രീകൃതമാണ്. ഭരണഘടനാ നിർമ്മാണവേളയിൽ ഗ്രാമറിപ്പബ്ലിക്കുകൾ സ്ഥാപിക്കണമെന്ന ചർച്ചകൾവരെ ഒരു ഘട്ടത്തിൽ ഉയർന്നു വന്നിരുന്നു. എന്നാൽ ഭൂപ്രദേശത്തെയല്ല മറിച്ച് വ്യക്തിയെ അടിസ്ഥാനഘടകമായി ഉൾക്കൊള്ളുന്ന, ആദരിക്കുന്ന ഭരണഘടനയാണ് നമുക്കാവശ്യം എന്നു തിരിച്ചറിയുകയായിരുന്നു. മൗലികാവകാശങ്ങൾ ഉറപ്പു നൽകികൊണ്ടാണ് വ്യക്തികളെ അതിന്റെ ഔന്നത്യത്തിൽ ഭരണഘടന പ്രതിഷ്ഠിച്ചിരിക്കുന്നത്.

രാഷ്ട്രീയാധികാരം പൗരൻമാരിൽ നിന്നുത്ഭവിക്കണമെന്നാണ് ഭരണഘടന ഉദ്ഘോഷിക്കുന്നത്. അതിനാലാണ് ജനങ്ങൾക്ക് അല്ലെങ്കിൽ ജനസംഖ്യയ്ക്ക് നിയോജകമണ്ഡലങ്ങളുടെ അതിർത്തി നിർണയപ്രക്രിയയിൽ ഭൂപ്രദേശങ്ങളെക്കാൾ കൂടുതൽ പ്രാമുഖ്യം കൈവരുന്നത്.



നിയോജകമണ്ഡലങ്ങളുടെ ഡീലിമിറ്റേഷൻ നടത്തുമ്പോൾ താഴെ സൂചിപ്പിക്കുന്ന മൂന്നു തത്വങ്ങൾ അടിസ്ഥാനപ്പെടുത്തിവേണം അത് നിർവ്വഹിക്കപ്പെടുവാൻ എന്നതാണ് ഭരണഘടനാപരമായി കാണുവാൻ കഴിയുന്നത്.

1. ഒരു ജനസംഖ്യയിലെ തുല്യവിഭാഗങ്ങൾക്ക് തുല്യപ്രാതിനിധ്യം ഉറപ്പാക്കുക
2. ഒരു തിരഞ്ഞെടുപ്പിൽ ഒരു രാഷ്ട്രീയപാർട്ടിക്കും മറ്റൊന്നിനേക്കാൾ മുൻതൂക്കം വരാത്തവിധം ഭൂമിശാസ്ത്രപരമായി പ്രദേശങ്ങളെ ന്യായമായി വിഭജിക്കുക
3. 'ഒരു വോട്ട് ഒരു മൂല്യം' എന്ന തത്വം നടപ്പിലാവുന്ന തരത്തിൽ വിഭജനം സാധ്യമാക്കുക

ഈ തത്വങ്ങളിൽ നിന്നും വ്യതിചലിക്കപ്പെടുമ്പോഴാണ് ഡീലിമിറ്റേഷൻ ഒരു ജെറിമാൻഡറിംഗ് മാതൃകയായി മാറുന്നത്.

ഡീലിമിറ്റേഷൻ പ്രക്രിയയിൽ ചില പ്രത്യേക വിഭാഗങ്ങൾക്ക് പ്രത്യേകിച്ചും, ദുർബല വിഭാഗങ്ങൾക്കോ പ്രാദേശികമായി ഒറ്റപ്പെട്ടുകിടക്കുന്നവർക്കോ മാത്രമായി നിയോജകമണ്ഡലങ്ങൾ രൂപീകരിക്കണമെന്ന് വാദിക്കുന്നത് കോളനിവൽക്കരണവും നമ്മുടെ ബഹുസ്വരതയ്ക്കെതിരുമാണ്. പൊതുവെ പാർശ്വവൽക്കരിക്കപ്പെട്ടവരെ കൂടുതൽ പാർശ്വവൽക്കരിക്കാനെ അതുപകരിക്കൂ. ഇപ്രകാരം കോളനിവൽക്കരണം നടത്തുന്നതിന് അനുകൂലമായി ഉയർത്തപ്പെടുന്ന അനുബന്ധ വാദങ്ങളായ, അത് ഭരണപരമായ സൗകര്യത്തിനും വികസനപ്രക്രിയ വേഗത്തിലാക്കുമെന്നുമുള്ളതാണ്. അവ രണ്ടും തെറ്റാണ്. അവ തെറ്റാണെന്നു കാണുന്നതിനു വേണ്ടി നമുക്ക് ചരിത്രത്തിലേയ്ക്ക് ഒന്ന് കണ്ണോടിക്കാം.

1905 ൽ ബ്രിട്ടീഷുകാർ ബംഗാൾ വിഭജിച്ചതും ഇതേ ന്യായങ്ങളായ ഭരണപരമായ സൗകര്യവും വികസനവിഷയങ്ങളും ഉയർത്തി കാട്ടിയാണ്. അവരുടെ യഥാർത്ഥ ഉദ്ദേശം ഭിന്നിപ്പിച്ച് ഭരിക്കുക (Divide and Rule) എന്ന പോളിസി നടപ്പിലാക്കുക എന്നതായിരുന്നു. അതേ തുടർന്നുള്ള സംഭവവികാസങ്ങളും ബംഗാൾ വിഭജനം പിന്നീട് റദ്ദു ചെയ്തതുമൊക്കെ ചരിത്രത്തിന്റെ ഭാഗമായി ഇപ്പോഴും നമ്മുടെ മുന്നിലുണ്ട്.

രണ്ടാമതൊരെണ്ണം ചൂണ്ടിക്കാണിക്കുവാനുള്ളത് സ്വതന്ത്ര്യാനന്തര ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ പുനഃസംഘടനയെക്കുറിച്ചാണ്. സ്വാതന്ത്ര്യം ലഭിച്ചതിനു ശേഷം സംസ്ഥാനങ്ങളെ അതിർത്തി തിരിച്ചു പുനഃസംഘടിപ്പിക്കുന്നതിനായി എസ് കെ ദർ കമ്മിറ്റിയെ 1948 ൽ ചുമതലപ്പെടുത്തിയിരുന്നു.

ഈ കമ്മിറ്റി ഭരണപരമായ സൗകര്യം മുൻനിർത്തിയാണ് സംസ്ഥാനങ്ങളുടെ അതിർത്തി നിർണ്ണയിച്ചത്. അത് ജനങ്ങൾക്കിടയിൽ വലിയ അവമതിപ്പ് സൃഷ്ടിച്ചു. വിവിധ ഭാഷ സംസാരിക്കുന്നവർ പൊരുത്തപ്പെടാനാകാത്ത പ്രാദേശികസംസ്കാരം പുലർത്തുന്നവർ അവരെല്ലാം ഇടകലർന്ന് അടുത്തടുത്തായി വന്നു. അങ്ങനെ അതൊരു വലിയ പരാജയം ആണെന്ന് കണ്ടെത്തിയതിനു ശേഷമാണ് 1956 ൽ സംസ്ഥാനങ്ങളെ ഭാഷാടിസ്ഥാനത്തിൽ വീണ്ടും പുനഃസംഘടിപ്പിച്ചത്. കേരളം അതിന് ഏറ്റവും മികച്ച ഉദാഹരണവുമാണ്.

ഡീലിമിറ്റേഷൻ മൂലം തുരുത്തുകൾ സൃഷ്ടിക്കപ്പെടാതിരിക്കുവാനും അത്തരം തുരുത്തുകൾ ഉണ്ടെങ്കിൽ അവയെ മുഖ്യധാരയിലേയ്ക്ക് കൂട്ടിച്ചേർത്ത് ഒപ്പം നിർത്തി മുന്നോട്ട് കൊണ്ടു പോകുവാനുമാണ് ശ്രദ്ധിക്കേണ്ടത്. അതാണല്ലോ നമ്മുടെ പുരോഗമനപരമായ കാഴ്ചപ്പാട്. ഭരണഘടന അത്തരത്തിലുള്ള സമഭാവനയും സമത്വവുമാണ് വച്ചു പുലർത്തുന്നത്.

പാർലമെന്റ്, നിയമസഭ, തദ്ദേശസ്ഥാപനങ്ങൾ എന്നിവയ്ക്കു വേണ്ടിയുള്ള നിയോജകമണ്ഡലങ്ങളെ നിർണ്ണയിക്കുമ്പോഴും ഒരേ തത്വം തന്നെയാണ് പിന്തുടരേണ്ടത്. തിരഞ്ഞെടുപ്പുകൾ നടത്തുന്നതിനു വേണ്ടിയാണല്ലോ നിയോജകമണ്ഡലങ്ങൾ വേണ്ടി വരുന്നത്. അപ്രകാരം തിരഞ്ഞെടുപ്പിൽ ജയിച്ചു വരുന്നയാൾ Representative of People (ജനപ്രതിനിധി) എന്നാണറിയപ്പെടുന്നത്. മറിച്ച് Representative of Area എന്നല്ല.

ഭരണഘടനാ ചർച്ചകൾ ഉപസംഹരിച്ചുകൊണ്ട് അംബേദ്കർ അന്ന് പറഞ്ഞത് "We are entering into a system where one men one vote and one vote one value, but still we are faraway from creating a system where one man one value". ഓരോ തിരഞ്ഞെടുപ്പിനു വേണ്ടിയും ഒരുക്കപ്പെടുന്ന സന്നാഹങ്ങളും നമ്മുടെ ഈ ഭരണഘടനാ ലക്ഷ്യത്തിലേയ്ക്കുള്ള ദൂരം കുറച്ചുകൊണ്ടു വരാനുള്ളതാകണം. അതിനു നാം നേടിയെടുത്ത രാഷ്ട്രീയ ഇച്ഛാശക്തിയിലടിയുറച്ച പൊളിറ്റിക്കൽ മജോറിറ്റിയെ കമ്മ്യൂണൽ മജോറിറ്റി മറികടക്കാതിരിക്കാനുള്ള ജാഗ്രത പൊതുസമൂഹത്തിൽ പുലരേണ്ടതുമുണ്ട്.

**(ലേഖകൻ തിരഞ്ഞെടുപ്പ് കമ്മീഷനിലെ ജോയിന്റ് സെക്രട്ടറിയാണ്.)**

# ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനും



ബി.എസ്. പ്രകാശ്

ഇന്ത്യയിൽ തിരഞ്ഞെടുപ്പ് നടത്തുന്നതിന് ഭരണഘടനാപരമായി ചുമതലപ്പെടുത്തിയിട്ടുള്ള രണ്ട് ഭരണഘടനാ സ്ഥാപനങ്ങളാണ് ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനുകളും.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനായി പ്രവർത്തിക്കുന്നത് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ ആണ്. കേന്ദ്ര ഇലക്ഷൻ കമ്മീഷന് വേണ്ടി സംസ്ഥാനത്ത് ഒരു ചീഫ് ഇലക്ട്രൽ ഓഫീസർ ഉണ്ടായിരിയ്ക്കും.

ഇവയുടെ പ്രവർത്തനം സംബന്ധിച്ച ലഘു വിവരണവും താരതമ്യവുമാണ് ചുവടെ കൊടുത്തിരിയ്ക്കുന്നത്:

**(സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയാണ് ലേഖകൻ)**

| | ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ | സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ |
|---|---|---|
| 1 | ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 324 അനുസരിച്ചുള്ള ഒരു ഭരണഘടനാ സ്ഥാപനമാണ് ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ (കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ) | ഇന്ത്യൻ 'ഭരണഘടനയുടെ അനുച്ഛേദം 243 കെ / 243 ഇസെഡ്. എ അനുസരിച്ചാണ്' ഭരണഘടനാ സ്ഥാപനമായ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകൃതമായിട്ടുള്ളത്. |
| 2 | മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണറും രണ്ട് കമ്മീഷണർമാരും ഉൾപ്പെടുന്ന കേന്ദ്രതിരഞ്ഞെടുപ്പ് കമ്മീഷനെ നിയമിക്കുന്നത് രാഷ്ട്രപതിയാണ്. | സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറെ നിയമിക്കുന്നത് ഗവർണറാണ്. |
| 3 | പാർലമെന്റിലേയ്ക്കും ഓരോ സംസ്ഥാനത്തിന്റേയും നിയമ നിർമ്മാണ (നിയമസഭാ) മണ്ഡലത്തിലേയ്ക്കും നടത്തുന്ന എല്ലാ തിരഞ്ഞെടുപ്പുകൾക്കും ആവശ്യമായ സമ്മതിദായക പട്ടികകൾ തയ്യാറാക്കുന്നതും അവയിലേക്കുള്ള എല്ലാ തിരഞ്ഞെടുപ്പുകളും നടത്തുന്നതും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനാണ്. കൂടാതെ, രാഷ്ട്രപതിയുടേയും ഉപരാഷ്ട്രപതിയുടേയും തിരഞ്ഞെടുപ്പുകളുടെ മേൽനോട്ടവും മാർഗനിർദ്ദേശവും നിയന്ത്രണവും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനിലാണ് നിക്ഷിപ്തമായിരിയ്ക്കുന്നത്. | പഞ്ചായത്തുകളിലേക്കും മുനിസിപ്പാലിറ്റികളിലേയ്ക്കുമുള്ള എല്ലാ തിരഞ്ഞെടുപ്പുകൾക്കും ആവശ്യമായ സമ്മതിദായക പട്ടികകൾ തയ്യാറാക്കുന്നതിന്റേയും അവയിലേക്കുള്ള തിരഞ്ഞെടുപ്പുകളുടെ നടത്തിപ്പിന്റെയും മേൽനോട്ടവും മാർഗനിർദ്ദേശവും നിയന്ത്രണവും സംസ്ഥന തിരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമാണ്. |
| 4 | കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രവർത്തനങ്ങൾ ക്രമീകരിക്കപ്പെടുന്നത് 1950 ലെയും 1951 ലെയും ജനപ്രാധിനിത്യ നിയമങ്ങൾ പ്രകാരമാണ്. | 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, കേരള മുനിസിപ്പാലിറ്റി നിയമം, അവയുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കേരളം അതിന്റെ പ്രവത്തനങ്ങളെ ഏകോപിപ്പിയ്ക്കുന്നത്. |
| 5 | വർഷംതോറും ജനുവരി1, ഏപ്രിൽ 1, ജൂലൈ 1, ഒക്ടോബർ 1 എന്നീ തീയതികളിൽ 18 വയസ്സ് പൂർത്തിയാകുന്ന യോഗ്യരായ വ്യക്തികൾക്ക് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാക്കുന്ന വോട്ടർപട്ടികയിൽ പേര് ചേർക്കാൻ സാധിക്കും | വർഷംതോറും ജനുവരി 1ന് 18 വയസ്സ് പൂർത്തിയാകുന്ന യോഗ്യരായ വ്യക്തികൾക്ക് മാത്രമേ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാക്കുന്ന വോട്ടർപട്ടികയിൽ പേര് ചേർക്കാൻ സാധിക്കുകയുള്ളൂ. കൂടാതെ, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, കേരള മുനിസിപ്പാലിറ്റി നിയമം എന്നിവയിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ കൂടി പാലിക്കേണ്ടതായിട്ടുണ്ട്. |
| 6 | ഒരു സംസ്ഥാനത്തിന്റെ നിയമ നിർമ്മാണ മണ്ഡലത്തിലേക്ക് നടത്തുന്ന തിരഞ്ഞെടുപ്പിന് വേിയാണ് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ വോട്ടർ പട്ടിക തയ്യാറാക്കുന്നത് | ഒരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റേയും ഒരോ നിയോജകമണ്ഡലത്തിലേയ്ക്ക് /വാർഡിലേക്ക് തിരഞ്ഞെടുപ്പ് നടത്തുന്നതിന് വേണ്ടിയാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വോട്ടർപട്ടിക തയ്യാറാക്കുന്നത്. |
| 7 | പോളിംഗ് ബൂത്ത് അടിസ്ഥാനത്തിലാണ് കേന്ദ്ര ഇലക്ഷൻ കമ്മീഷൻ നിയോജകമണ്ഡലങ്ങളിലെ തിരഞ്ഞെടുപ്പിന് ആവശ്യമായ വോട്ടർ പട്ടിക തയ്യാറാക്കുന്നത് | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഒരു വാർഡ്, ഒരു നിയോജകമണ്ഡലമായി കണക്കാക്കുന്നതിനാൽ വാർഡ് അടിസ്ഥാനമാക്കിയാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വോട്ടർപട്ടിക തയ്യാറാക്കുന്നത്. |
| 8 | സംസ്ഥാനത്തെ ഒരു നിയമസഭാ നിയോജകമണ്ഡലത്തിലെ ഒരു പോളിംഗ് ബൂത്തിൽത്തന്നെ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഒന്നിലധികം നിയോജകമണ്ഡലങ്ങൾ / വാർഡുകൾ ഉൾക്കൊള്ളുന്നുണ്ടാകാം. | സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഓരോ വാർഡുകൾക്ക് വേണ്ടിയും പ്രത്യേകം വോട്ടർ പട്ടികകളാണ് തയ്യാറാക്കുന്നത്. |
| 9 | വോട്ടറെ സംബന്ധിച്ച് സ്വന്തമായി ഡാറ്റാ ശേഖരണം നടത്തിയാണ് കേന്ദ്ര ഇലക്ഷൻ കമ്മീഷൻ വോട്ടർ പട്ടിക തയ്യാറാക്കുന്നത്. | 2015 ന് ശേഷം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനും വോട്ടറെ സംബന്ധിച്ച് സ്വന്തമായി ഡാറ്റാ ശേഖരമുണ്ട്. അതുകൊണ്ടുതന്നെ, സമഗ്രമായ തനത് വോട്ടർ പട്ടികയാണ് തദ്ദേശ തിരഞ്ഞെടുപ്പിനായി ഉപയോഗിക്കുന്നത്. |

Chief Editor B.S. Prakash *For Private Circulation Only* Editor: K.M.Aiyyappan
*Edited, Printed & Published by The Secretary,State Election Commission*